# വെളിപാട്പുസ്തകം ഒരു പഠനം -ഭാഗം1

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".



Pr. M.V. Simon B.Th, M.Div, M.A 'M.Th'

## അധ്യായം 1

## മുഖവുര

പഴയ നിയമത്തിൽ ഭാവികാലസംഭവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന മൂന്ന് മാർമ്മികമായ പുസ്തകങ്ങളാണുള്ളത് 1. യെഹസ്കിയേൽ 2. ദാനിയേൽ 3. സെഖരിയാവ്. എന്നാൽ പുതിയ നിയമത്തിൽ ഒരൊറ്റ പുസ്തകമാണുള്ളത്. അതാണ് വെളിപാട്പുസ്തകം. എന്നാൽ പഴയ നിയമത്തിൽ ചോദ്യം ചെയ്യാനാകാത്തവിധം എല്ലാ പ്രവചന ഗ്രന്ഥങ്ങളുടേയും താക്കോലാണ് ദാനിയേലിന്റെ പുസ്തകം. വെളിപാട്പുസ്തകത്തിന്റെ സഹചാരിയാണ് ദാനിയേലിന്റെ പുസ്തകം. ദാനിയേലിന്റെ പുസ്തകവും വെളിപാട്പുസ്തകവും മനഃസിലാക്കാൻ വളരെപ്രയാസമാണുള്ളത്. അതിന് രണ്ടു കാരണങ്ങളാണുള്ളത്.

1. ഇത്മുഴുവനുംഅസാധാരണമായ മാർമ്മിക വിഷയങ്ങളാണ് (ദാനി.12:4,9).
2. ഇത്അന്ത്യകാലത്തേക്കുള്ളതാകയാൽ ജനത്തിന് ഇവ ഗ്രഹിപ്പാൻ സാമാന്യ അറിവ് പോരാ. വെളിപാട് പുസ്തകം വ്യാഖ്യാനിക്കണമെങ്കിൽ ഒരു വെളിപാട് തന്നെ വേണം. ഉഗ്രമായ പോരാട്ടത്തിന് വിധേയമാകുന്ന രണ്ടു പുസ്തകങ്ങളാണ് ഉത്പത്തിയും വെളിപാടും. കാരണം ഉത്പത്തിയിൽ പാപത്താലുള്ള വീഴ്ചയും വെളിപാടിൽ പാപത്തിൽ വീണ മനുഷ്യനെ രക്ഷിച്ച് സ്വർഗ്ഗം അവകാശമായിക്കൊടുക്കുന്ന അവസ്ഥയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വെളിപാട് പുസ്തകവും ഉത്പത്തി പുസ്തകവും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ട്.

| ഉത്പത്തി | വെളിപാട് |
|---|---|
| പറുദീസ നഷ്ടപ്പെടുന്നു (ഉത്പ.3:6...23) | പറുദീസ തിരികെ ലഭിക്കുന്നു (വെളി.21:1) |
| സാത്താൻ വിജയിക്കുന്നു (3:1...7) | സാത്താൻ പരാജയപ്പെടുന്നു (12:10,11) |
| മറയ്ക്കപ്പെട്ട മുഖം (3:8) | നാം അവന്റെ മുഖം കാണും (22:4) |
| ശാപം ചൊരിയുന്നു (3:17, 4:11) | ശാപം മാറ്റപ്പെടുന്നു (22:3) |
| അടയ്ക്കപ്പെട്ട വാതിൽ (3;24) | തുറക്കപ്പെട്ട വാതിൽ (21:5) |
| മരണം പ്രവേശിക്കുന്നു (2:17) | മരണം മാറ്റപ്പെടുന്നു (21:4) |

ഉത്പത്തി പുസ്തകത്തിൽ എന്തെല്ലാം സാത്താൻ നഷ്ടപ്പെടുത്തിയോ അതെല്ലാം യേശു കർത്താവ് വീണ്ടെടുക്കുന്ന അഥവാ പുതുതാക്കിത്തീർക്കുന്ന അനുഭവമാണ് വെളിപാടിൽ ഉള്ളത് ( 21, 22അധ്യായങ്ങൾ) . ഏഴുകളുടെ പുസ്തകമെന്ന് വെളിപാട് പുസ്തകം അറിയപ്പെടുന്നു. ചില പ്രധാനപ്പെട്ട ഏഴുകൾ ശ്രദ്ധിക്കുക

- ഏഴ് സഭകൾ ഏഴ് മുദ്ര

- ഏഴ് കാഹളം
- ഏഴ് ക്രോധ കലശം
- ഏഴ് പൊൻ നിലവിളക്ക്
- ഏഴ് നക്ഷത്രം
- ഏഴ് ആത്മാക്കൾ
- ഏഴ് കണ്ണ്
- ഏഴ് കൊമ്പ്
- ഏഴ് തല
- ഏഴ് മല
- ഏഴ് രാജാക്കൻമാർ

സുവിശേഷങ്ങളിൽ രക്ഷകനായ യേശുവിനെ കാണുമ്പോൾ വെളിപ്പാട് പുസ്തകത്തിൽ മഹത്വ പൂർണമായ രാജഭരണം നടത്തുന്ന ക്രിസ്തുവിനെയാണ് കാണുന്നത്. മുൾക്കിരീടം ഏറ്റു വാങ്ങിയവൻ പൊൻ കിരീടവുമായി വരാൻ പോകുന്നു. ഈ പുസ്തകം വാസ്തവത്തിൽ യോഹന്നാന്റെ വെളിപ്പാടല്ല യേശുക്രിസ്തുവിന്റെ വെളിപ്പാടാണ് (1:1). ഗ്രീക്കിൽ വെളിപ്പാടിന് <u>അപ്പോക്കാലുപ്സിസ്</u> എന്നാണ്. അതിന്റെ അർത്ഥം 'മറ നീക്കി കാണിക്കുക' എന്നാണ്. ഒരു മുറിക്കുള്ളിലെ സാധനങ്ങൾ കർട്ടനിട്ട് മറച്ചാൽ അത് ആർക്കും കാണാൻ പറ്റില്ല എന്നാൽ ആ കാര്യങ്ങൾ അവിടെയുണ്ട്. ദൈവം ദാനിയേലിനോട് പറഞ്ഞു നീ കണ്ട ഭാവി കാര്യങ്ങൾ അടച്ചു മുദ്രയിടുക (ദാനി.12:9) എന്നാൽ അത് ദൈവം യോഹന്നാൻ മുഖാന്തിരം നമുക്ക് വെളിപ്പെടുത്തിക്കിട്ടി.

വെളിപ്പാട് പുസ്തകം വ്യാഖ്യാനിക്കുന്നത് ഒന്നാം അധ്യായം പത്തൊൻപതാം വാക്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

1. യേഹന്നാൻ കണ്ടത് (1 ..ാം അധ്യായം)
2. ഇപ്പോഴുള്ളത് (2,3 അധ്യായങ്ങൾ)
3. മേലാൽ സംഭവിക്കാനുള്ളത് (4...22 അധ്യായങ്ങൾ)

വിശുദ്ധ വേദ പുസ്തകം നാം പഠിക്കുമ്പോൾ രണ്ടു കാര്യം ഓർത്തിരിക്കണം വെളിപ്പെട്ടുകിട്ടിയ വചനങ്ങൾ, വെളിപ്പെട്ടു കിട്ടാനുള്ള വചനങ്ങൾ (ആവർ.29:28).

- <u>യേഹന്നാൻ കണ്ടത്</u> യേശുക്രിസ്തുവിന്റെ തേജസ്കരിക്കപ്പെട്ട ശരീരമാണ് (1:13...18),
- <u>ഇപ്പോഴുള്ളത്</u> സഭാ കാലയളവാണ്.
- <u>മേലാൽ സംഭവിക്കാനുള്ളത്</u> സഭയുടെ എടുക്കപ്പെടൽ, എതിർ ക്രിസ്തുവിന്റെ ഭരണം, ഹർമ്മഗദ്ദോൻ യുദ്ധം, ആയിരം ആണ്ട് വാഴ്ച, ഗോഗ് മാഗോഗ് യുദ്ധം, പുതിയ ആകാശം പുതിയ ഭൂമി, അന്ത്യ ന്യായവിധി, നിത്യത ഇവയാണ്.

## 1. യേശു ക്രിസ്തുവിനെക്കുറിച്ച് യോഹന്നാൻ കണ്ടകാര്യങ്ങൾ(1:13...18)

1. കർത്താവിന്റെ സ്ഥാനം :

   ഏഴ് പൊൻ നിലവിളക്കുകളുടെ നടുവിൽ, പൊൻനിലവിളക്ക് സഭ യെക്കുറിക്കുന്നു (1:20).

2. നിലയങ്കി ധരിച്ച കർത്താവ്:

   യേശു ക്രിസ്തു നമ്മുടെ മഹാപുരോഹിതൻ (എബ്രാ. 4:14).

3. കർത്താവിന്റെ തലയും തലമുടിയും :

ഹിമം പോലെ വെളുത്ത് പഞ്ഞി പോലെ, ദാനിയേൽ പ്രവചനത്തിൽ കാണുന്നത് ആട്ടു രോമം പോലെ നിർമ്മലമായ തലമുടി (വെളി.1:14, ദാനി.7:9). ഇത് കർത്താവിന്റെ പ്രായത്തെയല്ല സൂചിപ്പിക്കുന്നത് പകരം ദൈവം കാലങ്ങൾക്ക് അതീതനാണെന്നുള്ള യാഥാർത്ഥ്യത്തെയാണ്.പഴയനിയമത്തിലെ യഹോവയും പുതിയനിയമത്തിലെ ക്രിസ്തുവും ഒന്നുതന്നെയാണ് (മലാ. 3:16; എബ്രാ.3:8).

4. കണ്ണ് അഗ്നിജ്വാല പോലെ :

ഇത് കർത്താവിന്റെ മുൻപിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല എന്ന കാര്യം വെളിപ്പെടുത്തുന്നു(സങ്കി.139:1,2; എബ്രാ.4;13).

5. കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോടിനു സാദൃശ്യം:

ഇത് ന്യായവിധി നടത്തുവാനുള്ള കർത്താവിന്റെ അധികാരത്തെ കാണിക്കുന്നു (യോഹ.5:22; 2കൊരി. 5:10).

6. ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ:

ഇപ്പോൾ കർത്താവിന്റെ ശബ്ദം സ്നേഹത്തിന്റെയും കരുണയുടെയും ശബ്ദം. എന്നാൽ സമയം തീരുമ്പോൾ വേറൊരു ശബ്ദം മുഴങ്ങും 'ശപിക്കപ്പെട്ടവരെ എന്നെ വിട്ടു പോകുവിൻ' (മത്താ.25:41).

7. കർത്താവിന്റെ വലങ്കൈയ്യിൽ 7 നക്ഷത്രം:

വിശ്വാസ്വാസികളെക്കാൾ ഉയർന്ന നിലവാരമാണ് കർത്തൃ വേലയിൽ ശുശ്രൂഷകൻമാർക്കുള്ളത് (യെശ.49:16;മത്താ.23:11).

8. വായിൽ നിന്ന് വാൾ പുറപ്പെടുന്നു

ഇത് കർത്താവ് നടത്തുന്ന ന്യാവിധിയെ വെളിപ്പെടുത്തുന്നു.

9. മുഖം സൂര്യനെപ്പോലെ:

- യേശുവിന്റെ നെഞ്ചോട് ചേർന്നിരിന്ന യോഹന്നാൻ കർത്താവിന്റെ തേജസ്കരിക്കപ്പെട്ട അവസ്ഥ കണ്ടപ്പോൾ താൻ മരിച്ചവനെപ്പോലെയായി (1:17).
- യെശയ്യാവ് ദൈവത്തിന്റെ തേജസ്സു കണ്ടപ്പോൾ 'ഞാൻ നശിച്ചു' എന്നു പറഞ്ഞു (യെശ.6:5).
- മോശയോട് നിനക്ക് എന്റെ മുഖം കാണാൻ കഴിയില്ല എന്ന് ദൈവം പറഞ്ഞു (പുറ.33:20). അത്ര തേജസ്സാണ് യേശുവിൽ ഉള്ളത് (മത്താ.17:1,2; മലാ.4:2; വെളി. 6:16).

<u>താക്കോൽ(1:18)</u>

താക്കോൽ വെളിപ്പെടുത്തുന്നത് ശക്തിയെയും അധികാരത്തെയുമാണ് (യെശ.22:22; മത്താ.16:19; മത്താ.16:19;18:18; വെളി.3:7,20:1,2). യേശു പത്രോസിനു കൊടുത്ത താക്കോലിനെക്കുറിച്ച് ക്രൈസ്തവരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളത്. എന്നാൽ ഈ താക്കോലുകൾ(മത്താ.16:19 ഇംഗ്ലീഷ് നോക്കുക) എന്തെന്ന് യേശുവും ശിഷ്യൻമാരും (അപ്പോസ്തലൻമാരും) മനസ്സിലാക്കി തന്നിട്ടുണ്ട്. ഒരുവനെ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ വിടാനുള്ള അധികാരം മനുഷ്യർക്കല്ല ദൈവത്തിനു മാത്രമാണ്. എന്നാൽ സുവിശേഷം അറിയിക്കുവാനും ആത്മാക്കളെ നേടുവാനും ആവശ്യമായ എല്ലാവിധ അധികാരങ്ങളും ശക്തിയും ദൈവം തന്റെ ശുശ്രൂഷകൻമാർക്ക് നൽകിയിട്ടുണ്ട് (ലൂക്കോ.9:1). കർത്താവ് തന്റെ ശിഷ്യൻമാർക്ക് കൊടുത്ത അധികാരങ്ങൾ ഒരിക്കലും ഭൗമികമല്ലായിരിന്നു. തികച്ചും ആത്മീകമായതായിരിന്നു. ഇവ അപ്പോസ്തല പ്രവർത്തികളിൽ നിന്നും ഗ്രഹിക്കാം. അവ ഒരോന്നായി ചിന്തിക്കാം.

1. യേശു ക്രിസ്തുവിന്റെ നാമമാകുന്ന താക്കോൽ (അപ്പോ.3:6)
2. രോഗ ശാന്തിയുടെ താക്കോൽ (3:7,8)
3. ധൈര്യത്തിന്റെ താക്കോൽ (4:19)
4. വചനത്തിന്റെ താക്കോൽ (4:31)
5. ഐക്യതയുടെ താക്കോൽ (4:32)
6. വിശ്വാസത്തിന്റെ താക്കോൽ (4:32;6:7)
7. മഹാശക്തിയുടെ താക്കോൽ (4:33)
8. കൃപയുടെ താക്കോൽ (4:32)
9. പ്രാർത്ഥനയുടെ താക്കോൽ (12:5)
10. സുവിശേഷീകരണത്തിന്റെ താക്കോൽ (1:8)

## 2. <u>ഇപ്പോഴുള്ളത്</u> (സഭാ കാലയളവാണിത് 2,3 അധ്യായങ്ങൾ)

പെന്തക്കോസ്തു ദിനം മുതൽ കർത്താവിന്റെ വരവു വരെയുള്ള 7 വിധ സഭാ കാല യളവിനെ യാണ് (കൃപാ യുഗം) ഇത് സൂചിപ്പിക്കുന്നത്. ആസ്യയിലുള്ള 7 സഭകൾ: എഫെസോസ്, സ്മുർന്ന, പെർഗ്ഗമോസ്, തുയഥൈര, സർദ്ദീസ്, ഫിലാദൽഫിയ, ലവോദിക്ക്യ (1:11). എന്നാൽ ഈ സഭകൾക്ക് മാത്രമായുള്ളതല്ല ദൂതുകൾ, കാരണം നമ്മുടെ കർത്താവ് കേവലം 7 സഭകളുടെ നടുവിൽ മാത്രം ഒതുങ്ങുന്നവനല്ല ( 2:7,11,17,29, 3:6,13,22). ആനാളുകളിൽ ഗലാത്യ,കൊലോസ്യ, പൊന്തോസ് എന്നിങ്ങനെ വേറെയും സഭകളുണ്ടായിരിന്നു. സഭകൾക്കുള്ള ദൂതിനെപ്പറ്റി ചിന്തിക്കുന്നതിനുമുൻപ് 'സഭ' എന്നാൽ എന്ത്? ഈ വിഷയം അൽപം ചിന്തിച്ചതിനുശേഷം സഭകൾക്കുള്ള ദൂതുകൾ പഠിക്കാം.